**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നമ്പർ. 7994**

**16/07/2014-ൽ മറുപടിയ്ക്ക്**

## പരമ്പരാഗത വ്യവസായങ്ങളുടെ വികസനം.

**ചോദ്യം**

ഡോ.എൻ.ജയരാജ്
ശ്രീ.എം.വി.ശ്രേയാംസ് കുമാർ
ശ്രീ.റോഷി അഗസ്റ്റിൻ
ശ്രീ.പി.സി.ജോർജ്ജ്

**ഉത്തരം**

ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് ഈറ്റ/മുളയുമായി ബന്ധപ്പെട്ട വ്യവസായങ്ങളുടെ വികസനം ലക്ഷ്യമാക്കി എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്;

(എ) സംസ്ഥാനത്ത് ഈറ്റ/മുളയുമായി ബന്ധപ്പെട്ട വ്യവസായങ്ങളുടെ വികസനം ലക്ഷ്യമാക്കി കേരള ബാംബൂ കോർപറേഷൻ വഴി കൂടുതൽ പേരെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനാവശ്യമായ ശ്രമങ്ങൾ നടത്തുന്നുണ്ട്. തൊഴിലാളികൾക്ക് പി.എഫ് ആനുകൂല്യം നടപ്പാക്കിയിട്ടുണ്ട്. സംസ്ഥാന സർക്കാർ നടപ്പിലാക്കിയിട്ടുള്ള മിനിമം വേതനം പദ്ധതി യുടെ ഭാഗമായി ഈ മേഖലയിലെ തൊഴിലാളികൾക്ക് കോർപറേഷൻ 2013 മെയ് മുതൽ ഡി.എ ആനുകൂല്യം നൽകി വരുന്നു. കോർപ്പറേഷന്റെ ഈറ്റവെട്ട്/കയറ്റിയിറക്ക്/യന്ത്രവത്കൃത പനമ്പ് നെയ്ത്ത് കേന്ദ്ര തൊഴിലാളികൾ എന്നീ വിഭാഗങ്ങൾക്ക് കോർപറേഷൻ കാലാകാലങ്ങളായി ഇൻഷ്വറൻസ് പരിരക്ഷ നൽകി വരുന്നു. കൂടാതെ കോർപ്പറേഷൻ നേരിട്ട് നൽകുന്ന വിദ്യാഭ്യാസം, മെഡിക്കൽ, മരണാനന്തര സഹായം എന്നീ ക്ഷേമാശ്വാസങ്ങൾക്കു പുറമേ ഈ വിഭാഗം തൊഴിലാളികളെ സംസ്ഥാന തൊഴിൽ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന KBKPWW യിൽ അംഗങ്ങളാക്കുകയും അവർക്ക് പെൻഷൻ ഉൾപ്പെടെയുള്ള ക്ഷേമനിധി ആനുകൂല്യങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

കേരള ബാംബു മിഷന്റെ കീഴിൽ വിപണന ശൃംഖല വർദ്ധിപ്പിക്കുവാൻ വേണ്ടി ഇന്ത്യയിൽ അറിയപ്പെടുന്ന മേളകളിൽ പങ്കെടുക്കുകയും കേരളത്തിൽ തന്നെ വർഷം തോറും അന്താരാഷ്ട്ര നിലവാരത്തിൽ കേരള ബാംബു ഫെസ്റ്റ് സംഘടിപ്പിക്കുകയും ചെയ്യുന്നു. കരകൗശലക്കാർക്ക് കഴിവ് വർദ്ധിപ്പിക്കുന്നതിനാവശ്യമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്നു. കൂടാതെ അസംസ്കൃത വസ്തു ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ നാഷണൽ ബാംബു മിഷന്റെ സഹായത്തോടെ വനം വകുപ്പുമായി സഹകരിച്ച് മുളയുടെ ഉല്പാദനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) നടപ്പു സാമ്പത്തിക വർഷം പ്രസ്തുത മേഖലയ്ക്കു വേണ്ടി നീക്കിവച്ചിട്ടുള്ള തുകയുടെ വിശദാംശങ്ങൾ നൽകുമോ ;

(ബി) നടപ്പു സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള പൊതുഫണ്ടിൽ നിന്നും റിയാബ് വഴി 170 ലക്ഷം രൂപയും ഹാന്റി ക്രാഫ്റ്റ് സെക്ടറിൽ നിന്നും ജില്ലാ വ്യവസായ കേന്ദ്രം വഴി 80 ലക്ഷം രൂപയും ഉൾപ്പെടെ 2.5 കോടി രൂപ ബാംബു കോർപറേഷനു വേണ്ടി നീക്കി വച്ചിട്ടുണ്ട്.

(സി) പ്രസ്തുത വ്യവസായവുമായി ബന്ധപ്പെട്ടു നിൽക്കുന്ന തൊഴിലാളികൾക്ക് മറ്റു തൊഴിൽ മേഖലകളേക്കാൾ കുറഞ്ഞ വേതനവും ആനുകൂല്യങ്ങളും,സൌകര്യങ്ങളുമാണ് നൽകി വരുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) ഇല്ല. സംസ്ഥാന ബാംബു കോർപറേഷനുമായി ബന്ധപ്പെട്ട് ഈ മേഖലയിലെ തൊഴിലാളികൾക്ക് രണ്ടു വർഷത്തിനുള്ളിൽ 20% വേതന വർദ്ധനവ് നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ 2011 ൽ പ്രഖ്യാപിച്ച മിനിമം വേതനം ഇവർക്ക് നടപ്പിലാക്കിയിട്ടുണ്ട്. ഇതോടെ ഒരു ശരാശരി സ്ത്രീ തൊഴിലാളിയ്ക്ക് അവർ ചെയ്യുന്ന ജോലിയ്ക്ക് അനുസൃതമായി 230-ോ അതിൽ കൂടുതലോ രൂപ പ്രതിദിനം ലഭിക്കുന്നുണ്ട്.

(ഡി) പ്രസ്തുത മേഖലയിലെ തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷ ഉറപ്പു വരുത്തിയില്ലെങ്കിൽ തൊഴിലാളികളുടെ കൊഴിഞ്ഞുപോക്ക് ഉണ്ടാകുമെന്നത് കണക്കിലെടുത്തും പ്രസ്തുത വ്യവസായത്തിന്റെ നിലനിൽപ്പ് കണക്കിലെടുത്തും ശക്തമായ നവീകരണ പരപാടികൾ നടപ്പിലാക്കുമോ;വ്യക്തമാക്കുമോ?

(ഡി) ബാംബു കോർപറേഷനു കീഴിലെ തൊഴിലാളികളുടെ ജോലിഭാരം ലഘൂകരിക്കുന്നതോടൊപ്പം കൂടുതൽ ഉല്പാദന ക്ഷമത കൈവരുത്തുന്നതിനായി സാമൂഹ്യ യന്ത്രവത്കൃത പനമ്പു നെയ്ത്തു കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇവിടെ പി.എഫ്, മെഡിക്കൽ, ഇൻഷ്വറൻസ് പരിരക്ഷ, ക്ഷേമനിധി ആനുകൂല്യങ്ങൾ

എന്നിവ നൽകി വരുന്നു. അതുപോലെ സൗകര്യപ്രദമായ രീതിയിൽ ഈറ്റ ലഭ്യമാക്കുന്നതിനും പനമ്പ് ശേഖരിക്കുന്നതിനും തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ വാഹന സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിലുള്ളവ കൂടാതെ സാമൂഹ്യ യന്ത്രവത്കൃത പനമ്പ് നെയ്ത്ത് കേന്ദ്രങ്ങളുടെ എണ്ണം കൂട്ടാനും ലക്ഷ്യമിട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ